കമ്പനികളുടെമേൽ എന്തെങ്കിലും നടപടിഎടുത്തിട്ടുണ്ടോഎന്നും അതിനെപ്പറ്റി ഒരു ലഘു സ്റ്റേഷൻ വരുന്നുണ്ട്. ആ ബിൽ ഇവിടെ വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർക്ക് അഭിപ്രായം പറയാം.

മിസ്റ്റർ പി. കെ. ഡീവർ: In-come tax office കാർ ഈ കമ്പനികളുടെ Profit and loss എങ്ങിനെ കണ്ടുപിടിക്കും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ അവർക്കതിന്നു് നിയമമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ ശരിയായ കണക്കു കിട്ടാനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാൻ സാധിക്കയില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനൊക്കെ ഇൻകംടാക്സ് നിയമത്തിൽ വ്യവസ്ഥകളുണ്ടു്. അതെന്തൊക്കെയാണെന്നു് ഇപ്പോൾ ഓർമ്മയില്ല.

FOOT PATH BRIDGE AT NARAKKAL—CONDITION OF

121. (70) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) whether the Government are aware that the two bridges on the foot-path leading from the Narakkal "Jai Hind" Maidan to the sea shore are in a very bad condition;

(*b*) whether the Hon'ble Prime Minister himself visited these bridges at the time of his inspection of the Narakkal Fish Pond?

Mr. P. Govinda Menon (*Minister for Finance and Law*):

(*a*) The bridges require improvement.

(*b*) The Prime Minister saw some damaged bridges in that locality.

മിസ്റ്റർ എം. ഐ. പോൾ: പാലം നന്നാക്കാൻ എന്തെങ്കിലും നടപടി ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നടപടി ആലോചനയിലുണ്ടു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോട്ടുപ്പിൽ: ഇമ്പ്രൂവുമെൻറു് വേണമെന്നു കണ്ടാൽ ഗവണ്മെണ്ടിന്നു് അപ്പോൾ അതിൽ സത്വര നടപടി എടുക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പാലം കേടുവന്നിട്ടുണ്ടെന്നറിഞ്ഞു. എന്നാൽ ഇപ്പോൾ അതിനേക്കാൾ കൂടുതൽ കേടുള്ള കാര്യങ്ങൾ ആലോചിക്കുകയാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ വഴി കൂടാതെ കടൽത്തീരത്തേക്കു പോകുവാൻ വേറെ വല്ല മാർഗ്ഗവുമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ സംഗതി കണ്ട സമയത്തു് ഏതാണ്ടു് ബഡ്ഡറു് തയ്യാറായിക്കഴിഞ്ഞു. പിന്നെ പുതിയതായി ഇതിനു് സംഖ്യകൊള്ളിക്കാൻ സാധ്യമായില്ല. ഇക്കാര്യം പിന്നീടാലോചിച്ചു ചെയ്യാം. സംഖ്യ വേറെ വല്ല ഇനത്തിൽനിന്നും കിട്ടുന്നപക്ഷം ചെയ്യാമെന്നല്ലാതെ ഇപ്പോൾതന്നെ നടത്താൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എ. അച്യുതൻ: തൽക്കാലം നടന്നുപോകാനുള്ള വല്ല സൌകര്യവും ചെയ്യാൽ കൊള്ളാം.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ റോഡു് പഞ്ചായത്തിന്റെ കീഴിലാണു്. പഞ്ചായത്തിൽനിന്നു ശ്രദ്ധിച്ചാൽ ഈ പണി ചെയ്യാവുന്നതുമാണു്. അതല്ല ഗവണ്മെണ്ടുതന്നെ ചെയ്യണമെന്നു പറയുകയാണെങ്കിൽ വേണ്ടതു് ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: കടൽത്തീരത്തേക്കു് പോകുന്ന ആളുകൾക്കു് ഈ പാലം കേടുവന്നതുകൊണ്ടു് വളരെ ബുദ്ധിമുട്ടു് നേരിടുന്നില്ലെ?

മിസ്റ്റർ ഇ ഇക്കണ്ടവാരിയർ: ഉണ്ടു്. രാത്രി 12 മണിമുതൽതന്നെ ആളുകൾ സഞ്ചരിച്ചു തുടങ്ങുന്നതായി അറിഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു് ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടുകഴിഞ്ഞിട്ടുണ്ടു്.

INCREASED PRICE FOR FUEL—ORDERS REGARDING

122. (140) **Mr. P. K. Krishnankutty Menon** *(Vellarappilli)*: Will Government be pleased to state.—

(*a*) the date on which they have passed orders staying the levy of increased price for fuel supplied from the Forest Department,

LIBRARY ARCHIVES Kerala Legislative Assembly